ഉറപ്പുവരുത്തിയിട്ടുണ്ട്. പനി ബാധിതരുടെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള ഐ.ഇ.സി.ബി.സി.സി. പ്രവർത്തനങ്ങൾ മാസ് മീഡിയ വിംഗിന്റെ നേതൃത്വത്തിൽ ചെയ്തുവരികയും ചെയ്യുന്നു.

**പരിസ്ഥിതി സംബന്ധിച്ച ധവള പത്രം**

18 (T*168 ) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംബന്ധിച്ച് സർക്കാർ അംഗീകരിച്ച ധവളപത്രപ്രകാരം സംസ്ഥാനത്തെ കിണറുകൾ, കായലുകൾ, മറ്റ് ജലാശയങ്ങൾ എന്നിവ എത്ര ശതമാനത്തോളം മലിനമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഭൂഗർഭ ജലവിതാനത്തിൽ കുറവും ഗുണനിലവാര തകർച്ചയും ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഇവ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) (എ) പരിസ്ഥിതിയുടെ സവിശേഷതകളും അവയ്ക്ക് ഇപ്പോൾ സംഭവിച്ചിരിക്കുന്ന ആഘാതങ്ങളും മനസ്സിലാക്കുന്നതിനും പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങൾ ഏതൊക്കെ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട് എന്ന കാര്യം ചർച്ചയ്ക്ക് ക്രോഡീകരിക്കുന്നതിനുമായാണ് പരിസ്ഥിതി ധവളപത്രം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പരിസ്ഥിതിയുടെയും പ്രകൃതിവിഭവങ്ങളുടെയും മേലുള്ള കയ്യേറ്റം ജലസ്രോതസ്സുകളുടെ ശോഷണത്തിനും മലിനീകരണത്തിനും കാരണമായിട്ടുണ്ട്. എന്നാൽ അവ എത്ര ശതമാനത്തോളം മലിനപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ (2015, 2016) സംസ്ഥാനത്ത് ലഭ്യമായ വാർഷിക മഴയുടെ തോത് സംസ്ഥാന ശരാശരിയേക്കാൾ (3000 മി.മീ.) കുറവായതും ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾ ഭൂജല സംപോഷണ പ്രക്രിയയെ ബാധിക്കുന്നതും ഭൂജലവ്യതിയാനത്തിന് കാരണമാകുന്നു. ഇതു കൂടാതെ പ്രാദേശിക തലത്തിൽ ജലഭൃതങ്ങളുടെ (ഘനം/thickness) ഏറ്റക്കുറച്ചിലുകളും, പാറയുടെ ആധിക്യം കൂടുതലുള്ള പ്രദേശങ്ങളിലും വേനൽക്കാലങ്ങളിൽ ജലലഭ്യതയ്ക്ക് കുറവ്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകാം. ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ കൃത്രിമഭൂജല സംപോഷണ പദ്ധതികൾ (അടിയണകൾ, തടയണകൾ, തുറന്ന കിണർ റീചാർജ്ജിംഗ് എന്നിവ) നടപ്പിലാക്കി ഭൂജലവിതാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ജലഗുണനിലവാരം, വിനിയോഗം എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ ജില്ലകളിൽ ഭൂഗർഭജല സംരക്ഷണത്തിനായി സംഘടിപ്പിച്ച് വരുന്നു. കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കി ഭൂജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് വേണ്ടിയുള്ള നടപടികൾ 'ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണവും' പദ്ധതിയിൽ നടപ്പിലാക്കി വരുന്നു. ഹരിതകേരളം പദ്ധതി പ്രകൃതി സംരക്ഷണം ലക്ഷ്യമിട്ടിട്ടുള്ളതാണ്.

**അർബുദ ചികിത്സാ രംഗത്ത് ആർ.സി.സി. നടത്തുന്ന പ്രവർത്തനങ്ങൾ**

19 (*169) ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദ ചികിത്സാ രംഗത്ത് ആർ.സി.സി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; അർബുദ രോഗികളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ആധുനിക ചികിത്സാ സൗകര്യം വിപുലീകരിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) ലോകോത്തര ചികിത്സാ സംവിധാനമുള്ള റിജിയണൽ ക്യാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി വികസിപ്പിക്കാൻ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) നിക്ഷിപ്ത താൽപര്യക്കാർ ചില മാധ്യമങ്ങളുടെ സഹായത്തോടെ ആർ.സി.സി.-ക്കെതിരെ നടത്തുന്ന ദുഷ്പ്രചരണത്തിന്റെ പശ്ചാത്തലത്തിൽ സ്ഥാപനത്തിന്റെ യശസ്സ് ഉയർത്തുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) അർബുദ ചികിത്സാ രംഗത്ത് സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന സ്ഥാപനമാണ് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ. കാൻസർ രോഗ ചികിത്സയും പ്രതിരോധവും ഗവേഷണവും മാത്രമല്ല സംസ്ഥാനത്ത് കാൻസർ ചികിത്സ നയരൂപീകരണത്തിനും നേതൃത്വം വഹിക്കുന്ന സ്ഥാപനമാണ് റീജിയണൽ കാൻസർ സെന്റർ.